തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മാനേജ്മെന്റ് എടുത്ത നിലപാടിനെ യൂണിയൻ ചോദ്യം ചെയ്തു. ഈ നിലപാടിനെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഒരു കേസും നിലവിലുണ്ട്. ഹൈക്കോടതിയിൽ നിന്നുണ്ടായ സ്റ്റേ ഉത്തരവനുസരിച്ച് യാതൊരു കാരണവശാലും ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കരുത് എന്നാണ് വ്യവസ്ഥ. ഹൈക്കോടതിയുടെ സ്റ്റേപോലും പരിഗണിക്കാതെ ഇപ്പോഴും അടിയന്തിരമായി ഒരു സ്വകാര്യ സ്ഥാപനമെന്ന നിലയിൽ പൂട്ടിയിരിക്കുകയാണ്. ഈ സ്ഥാപനത്തിലെ ജീവനക്കാർ അതുകൊണ്ട് സെക്രട്ടറിയേറ്റിന്റെയും ഇതിന്റെ ഹെഡ്ഡാഫീസിന്റെയും നടയിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തെ ഒരു പൊതുമേഖലാസ്ഥാപനം അനിശ്ചിതകാലത്തേക്ക് പൂട്ടിയിടുന്ന നടപടി ഒഴിവാക്കണം. ആ ജീവനക്കാരെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങളും ചർച്ചചെയ്ത് ന്യായമായ ഒത്തുതീർപ്പിന്റെയടിസ്ഥാനത്തിൽ ഫാക്ടറി നാളെത്തന്നെ തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണമെന്ന് വളരെ ശക്തിയായി ആവശ്യപ്പെടുകയാണ്. ഇത്തരത്തിലുള്ള നയം വളരെ ബാർബറസ് ആണ്. അതുകൊണ്ട് അത് അവസാനിപ്പിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള തർക്കത്തിന്റെ പ്രധാന വിഷയം ഡി. എ. പാറ്റേൺ മാറ്റണമെന്നതാണ്. 1981-ൽ ഗവൺമെന്റ് നിയോഗിച്ച ഗോപാലസ്വാമി കമ്മീഷൻ റിപ്പോർട്ടിലാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ഡി. എ. പാറ്റേൺ മാറ്റാൻ ശുപാർശ ചെയ്തത്. എന്നാൽ 1984 ഡിസംബറിൽ ഈ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഈ പ്രശ്നം കൊല്ലം ഇൻഡസ്ട്രീയൽ ട്രൈബ്യൂണലിന്റെ തീരുമാനത്തിന് വിട്ടു. കോർപ്പറേഷൻ ജീവനക്കാർക്കും ഗവൺമെന്റു ജീവനക്കാർക്ക് കൊടുക്കുന്ന നിരക്കിൽ ഡി. എ. നൽകാനായിരുന്നു ട്രൈബ്യൂണലിന്റെ അവാർഡ്. ഈ അവാർഡു നടപ്പാക്കുന്നതിനെതിരായി ജീവനക്കാരുടെ സംഘടനകൾ ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചു. അവാർഡ് സ്റ്റേ ചെയ്യണമെന്ന അവരുടെ അപേക്ഷ കോടതി നിരസിച്ചു. അതിനുശേഷം ജീവനക്കാരുടെ ശമ്പളം ബഹിഷ്ക്കരിക്കുകയും ചെയ്തു. അനധികൃതമായി പ്രത്യക്ഷസമരപരിപാടികൾ സ്വീകരിച്ച് കോർപ്പറേഷന്റെ പ്രവർത്തനം സ്തംഭിക്കാൻ തക്കവണ്ണം പണിമുടക്കും സമരതന്ത്രങ്ങളും അക്രമങ്ങളും നടത്തിയ സാഹചര്യത്തിലാണ് മാനേജ്മെന്റ് ലോക്കൗട്ട് പ്രഖ്യാപിക്കാൻ നിർബന്ധിതമായത്. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന ഈ കേസിൽ ഗവൺമെന്റും കൂടി കക്ഷിയാണ്. അവാർഡ് നടപ്പിലാക്കുന്നതിനെതിരായി തൊഴിലാളികൾ സ്വീകരിച്ചിട്ടുള്ള പ്രത്യക്ഷസമരപരിപാടി നിയമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ ഗവൺമെന്റിന് ഇക്കാര്യത്തിൽ ഇടപെടാൻ നിവൃത്തിയില്ല.

IV. റിപ്പോർട്ടു സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 104 മുതൽ 106 വരെയുള്ള റിപ്പോർട്ടുകൾ

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. സി. വാസുദേവമേനോൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 104, 105, 106 എന്നീ റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 1984, 1986—ലെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമിതി ചുമതലപ്പെടുത്തിയതനുസരിച്ച് നിയമസഭയുടെ മുമ്പാകെ ഞാൻ സമർപ്പിക്കുന്നു.

V. റിപ്പോർട്ടു പരിഗണന

കാര്യോപദേശക സമിതിയുടെ 18—ാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശകസമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ 'റിപ്പോർട്ട് തള്ളിക്കളയണം' എന്ന ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നുണ്ട്, അത് മൂവ് ചെയ്തതിന് അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: Sir, I move the following under Rule 215:

"This House disagrees with the report of the Business Advisory Committee in the matter of allotting time in respect of budget discussion and also not providing time for discussion on a statutory resolution and matters of public importance."

ഞാൻ ഇങ്ങനെ ഒരു ഉപക്ഷേപം അവതരിപ്പിക്കുവാൻ പ്രേരിപ്പിച്ച കാരണങ്ങൾ ചുരുക്കമായിപ്പറയാം. ഒന്നാമത് നിയമസഭാ സാമാജികൻമാർക്ക് ന്യായമായും ലഭിക്കേണ്ട അവസരങ്ങളും ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭിക്കാതെവരുന്നുയെന്നതാണ് പ്രസക്തമായ കാര്യം. എത്രതന്നെ ശ്രമിച്ചാലും ഈ പരിമിതികൾക്കുള്ളിൽ ഒരു സാമാജികനെന്ന നിലയിൽ എനിക്കുള്ള പൂർണ്ണമായ അവകാശങ്ങളനുസരിച്ച് പ്രവർത്തിക്കുവാൻ സമയം കിട്ടുന്നില്ല. ഞാൻ ഉദാഹരണമായി ചൂണ്ടിക്കാണിക്കുവാനുദ്ദേശിക്കുന്നത്, ഈ നിയമസഭാ സമ്മേളനം ആരംഭിച്ച അവസരത്തിൽത്തന്നെ ഞാൻ ഒരു സ്റ്റാറ്റ്യൂട്ടറി റസല്യൂഷന് നോട്ടീസ് നൽകിയിരുന്നു. ഈ ഗവൺമെന്റ് ഇടക്കാല തെരഞ്ഞെടുപ്പിനെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്ന സന്ദർഭത്തിൽ നമ്മുടെ രാജ്യത്തെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകുന്നു. ഈ സാഹചര്യത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും കാലാവധി നീട്ടുന്ന ഓർഡിനൻസ് അതിൻമേലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനുവേണ്ടി ഭരണഘടനയുടെ 213—ാം വകുപ്പനുസരിച്ചുള്ള നോട്ടീസാണ് കൊടുത്തിരുന്നത്. അത് ചർച്ച ചെയ്യേണ്ട കാര്യമാണ്. എനിക്ക് ഈ ഗവൺമെന്റിന്റെ പോളിസിയിൽ ഡിസ്എഗ്രിമെന്റുണ്ട്. എനിക്ക് മാത്രമല്ല 31 ഓർഡിനൻസിനെ സംബന്ധിച്ചും ഡിസ്അപ്രൂവൽ അവതരിപ്പിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ അവതരിപ്പിക്കാൻ അംഗങ്ങൾക്ക് അവകാശമുള്ളതാണ്. അതിനുള്ള സന്ദർഭം കിട്ടുന്നില്ല. അതുപോലെ തന്നെ രാജ്യത്തെ വളരെ പ്രധാനപ്പെട്ട ചർച്ച ചെയ്യേണ്ടതായ രണ്ടു മൂന്നു തീരുമാനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly